# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം തടസ്സപ്പെടുത്തിയ 3,73,000/- (മൂന്ന് ലക്ഷത്തി എഴുപത്തി മൂന്നായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം.1746/2019/തസ്വഭവ. തിരുവനന്തപുരം, തീയതി.13.08.2019

പരാമർശം:- 1) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19/10/2016 ലെ എ 4-2179/16 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 03/04/2018 ലെ എം3-34083/17 നമ്പർ കത്ത്.
3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 22/10/2018 ലെ ഡി.കെ.എസ്.എ.421/18/പിറ്റി-3 നമ്പർ കത്ത്.

## ഉത്തരവ്

18.08.2012 ലെ ജി.ഒ.(എം.എസ്.)223/2012/തസ്വഭവ പദ്ധതി മാർഗ്ഗരേഖകൾക്കും 29.09.2012 ലെ ജി.ഒ.(ആർ.ടി.)248/2012/തസ്വഭവ സബ്സിഡി മാർഗ്ഗരേഖകൾക്കും വിരുദ്ധമായ പദ്ധതികൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഏറ്റെടുത്തു നടത്തിയതിനാണ് മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം 3,73,000/- രൂപ തടസ്സപ്പെടുത്തിയത്.

2. 2013-14, 2014-15 വർഷങ്ങളിൽ വിദ്യാഭ്യാസ പ്രൊജക്ടുകൾ കൈകാര്യം ചെയ്യുന്ന നിർവ്വഹണോദ്യോഗസ്ഥനായ ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ ചമ്രവട്ടം ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകൾ സബ്സിഡി മാർഗ്ഗരേഖകളിൽ ഉൾപ്പെടാത്ത ഇനങ്ങളാണെന്നും അതിലേയ്ക്ക് തുക ചെലവഴിച്ചു എന്ന കാരണത്താലും സർക്കാർ മാർഗ്ഗരേഖകളിൽ പ്രതിപാദിക്കാത്ത വിഷയങ്ങളിൽ ചെലവ് ചെയ്യുമ്പോൾ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ലാത്തതിനാലുമാണ് ഓഡിറ്റിൽ തടസ്സം ഉന്നയിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്കുള്ള ഫുട്ബോൾ കോച്ചിങ്ങ്, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, വിദ്യാർത്ഥികളിൽ ഹരിതസേന രൂപീകരണം, യൂണിഫോം ലഭ്യമാക്കൽ (പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തോടെ), കായിക പരിശീലന പരിപാടി, ഫുട്ബോൾ പരിശീലനം, എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷ പരിശീലനം, വിജയഭേരി തുടങ്ങിയ പ്രൊജക്ടുകൾക്കാണ് തുക ചെലവഴിച്ചത്.

3. എന്നാൽ ഈ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പഞ്ചായത്തിനോ സർക്കാരിനോ നഷ്ടം വന്നിട്ടില്ലാത്തതിനാൽ പ്രസ്തുത ചെലവുകൾക്ക് സാധൂകരണം ലഭ്യമാക്കുന്നതിന് 27/09/2016 ന് ചേർന്ന ഭരണസമിതിയോഗത്തിന്റെയും 7/06/2017-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി യോഗത്തിന്റെയും ശിപാർശയോടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

4. ഗ്രാമപഞ്ചായത്ത് സമിതി തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം എന്നിവ പരിഗണിച്ച് ഓഡിറ്റ് പരാമർശത്തിൻമേൽ സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം (3) പ്രകാരം സ്റ്റേറ്റ്

ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായും സർക്കാരിന്റെ മുൻകൂർ അനുമതി തേടാതെയുമുള്ള ഇത്തരം പ്രവൃത്തികൾ ഉചിതമല്ലെങ്കിലും ഗ്രാമപഞ്ചായത്തിനോ സർക്കാരിനോ ഇതിലൂടെ നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും ഗ്രാമപഞ്ചായത്തിലെ കുട്ടികളുടെയും യുവജനങ്ങളുടെയും കായികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിന് വേണ്ടിയാണ് ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കിയത് എന്നതിനാലും ഈ വിഷയത്തിൽ മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം തടസ്സപ്പെടുത്തിയിരിക്കുന്ന 3,73,000/- രൂപയ്ക്ക് (മൂന്ന് ലക്ഷത്തി എഴുപത്തി മൂന്നായിരം രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**